II ഇ.ബി. XIII കേരള നിയമസഭ/V-19

**പതിമൂന്നാം കേരള നിയമസഭ**

**അഞ്ചാം സമ്മേളനം**

**ചോദ്യോത്തരങ്ങൾ – സംഗ്രഹം**

**2012 ജൂലൈ 10, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

**62 (*571) ന്യൂനപക്ഷക്ഷേമ പദ്ധതികൾ**

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി) നൽകിയ മറുപടിയിൽ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി പ്രീ–മെട്രിക്/പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പുകളും ഹോസ്റ്റൽ സ്റ്റൈപ്പന്റും നൽകുക, സൈനിക/സായുധ സേനകളിൽ ചേരാനാഗ്രഹിക്കുന്നവർക്ക് പരിശീലനം നൽകുക, കുടുംബശ്രീ മാതൃകയിൽ എല്ലാ ജില്ലകളിലും പരിശീലന കേന്ദ്രങ്ങളും സബ് സെന്ററുകളും സ്ഥാപിക്കുക, വിവാഹമോചിതരും കിടപ്പാടമില്ലാത്തവരുമായ വനിതകൾക്ക് വീട് വയ്ക്കാൻ ധനസഹായം നൽകുക, തുടങ്ങിയ കേന്ദ്ര–സംസ്ഥാന ന്യൂനപക്ഷക്ഷേമ വകുപ്പുകളുടെ പദ്ധതികളെക്കുറിച്ച് ഗുണഭോക്താക്കളെ ബോധവൽക്കരിക്കാനും ഉദ്ദേശിക്കുന്നുണ്ടെന്ന് സഭയെ അറിയിച്ചു. പ്രീ–മെട്രിക്/പോസ്റ്റ്–മെട്രിക് സ്കോളർഷിപ്പ്, മെരിറ്റ് കം മീൻസ് സ്കോളർഷിപ്പ്, ഐ.ഡി.എം.ഐ., മദ്രസ മോഡണൈസേഷൻ, ഫ്രീ

കോച്ചിംഗ് ആന്റ് അലൈഡ് സ്കീം, വയനാട്ടിലെ എം.എസ്.ഡി.പി. പദ്ധതി തുടങ്ങിയവയ്ക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽനിന്നും ധനസഹായം ലഭിക്കുന്നുണ്ട്. ന്യൂനപക്ഷ ആനുകൂല്യങ്ങളെ സംബന്ധിക്കുന്ന വിവരങ്ങൾ കളക്ടറേറ്റുകളിലെ ന്യൂനപക്ഷ സെക്ഷൻ, മുസ്ലീം യുവജനതയുടെ പരിശീലന കേന്ദ്രങ്ങൾ, പത്രമാദ്ധ്യമങ്ങൾ എന്നിവയിലൂടെ ജനങ്ങളിലെത്തിക്കാൻ കഴിയുന്നുണ്ട്; ഇക്കാര്യത്തിൽ എൻ.ജി.ഒ.കളെക്കൂടി പങ്കെടുപ്പിക്കുന്നതാണ്. ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾ കൂടുതൽ വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി ആയിരം ന്യൂനപക്ഷ പ്രൊമോട്ടർമാരെ നിയമിക്കുന്നതാണ്. ന്യൂനപക്ഷക്ഷേമ വകുപ്പുകൾക്കു പുറമെ മറ്റ് വകുപ്പുകൾ, ബാങ്കുകൾ, പൊതുമേഖലാ/സഹകരണ സ്ഥാപനങ്ങൾ എന്നിവ നടത്തുന്ന ക്ഷേമപദ്ധതികളെപ്പറ്റി ഗുണഭോക്താക്കളെ ബോധവൽക്കരിച്ച് അർഹമായ ആനുകൂല്യം നേടിക്കൊടുക്കുന്നതിനുള്ള പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരെയാണ് പദ്ധതിയുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുക്കുന്നത്. അദ്ധ്യാപകർ/എ.ഇ.ഒ.-മാർ എന്നിവരിൽ നിന്നും ലഭിക്കുന്ന ലിസ്റ്റിന്റെ അടിസ്ഥാനത്തിലാണ് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം നൽകുന്നത്. ഇതുപ്രകാരം 7500-ഓളം കുട്ടികൾക്ക് മേശയും കസേരയും നൽകിയിട്ടുണ്ട്. സ്വന്തമായി ഒരു വെബ്സൈറ്റ് വകുപ്പിനുണ്ട്. ഭരണാനുമതി ലഭിച്ചിട്ടുള്ള ന്യൂനപക്ഷ വികസന കോർപ്പറേഷൻ രൂപീകരിച്ച് പ്രവർത്തനം ഉടൻ ആരംഭിക്കുന്നതാണ്. ആംഗ്ലോ ഇന്ത്യൻ വിഭാഗക്കാർക്കുകൂടി ആനുകൂല്യങ്ങൾ ലഭ്യമാക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. കേന്ദ്രമാനദണ്ഡം അനുസരിച്ച് കേരളത്തെ 'ബി 1' കാറ്റഗറിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതിനാൽ കേന്ദ്രസഹായം ലഭിക്കുന്നത്

താരതമ്യേന കുറവാണെന്നും വയനാട് ജില്ലയിൽ നടപ്പിലാക്കിയ മൾട്ടി സെക്ടറൽ ഡെവലപ്പ്മെന്റ് സ്കീമിൽ 50 ബ്ലോക്കുകളെ ഉൾപ്പെടുത്തണമെന്നാവശ്യപ്പെട്ടുകൊണ്ടുള്ള ലിസ്റ്റ് കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

63 (*572) <u>സഞ്ചരിക്കുന്ന നാടൻ പച്ചക്കറി വില്പനശാല</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. കെ. പി. മോഹനൻ) നൽകിയ മറുപടിയിൽ, ഹോർട്ടികോർപ്പിന്റെ ആഭിമുഖ്യത്തിൽ സഞ്ചരിക്കുന്ന നാല് പച്ചക്കറി വില്പനശാലകൾ തിരുവനന്തപുരം നഗരത്തിൽ ആരംഭിച്ചിട്ടുണ്ടെന്നും എറണാകുളം, കോട്ടയം, കണ്ണൂർ, കോഴിക്കോട് നഗരങ്ങളിൽ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഘട്ടംഘട്ടമായി എല്ലാ നഗരങ്ങളിലേയ്ക്കും വ്യാപിപ്പിക്കുന്നതാണെന്നും സഭയെ അറിയിച്ചു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ മെയ് 2012 മുതൽ പ്രവർത്തനം ആരംഭിച്ച റീട്ടെയിൽ പച്ചക്കറി സ്റ്റാളുകളിലൂടെ 30% വരെ വില കുറച്ച് പച്ചക്കറി വില്പന നടത്തിവരികയാണ്. വി.എഫ്.പി.സി.കെ. 25 സ്റ്റാളുകളും തിരുവനന്തപുരത്തും എറണാകുളത്തുമായി രണ്ട് ബിഗ് ബസാറുകളും ആരംഭിച്ചിട്ടുണ്ട്. ഹോർട്ടികോർപ്പ് 98 സ്റ്റാളുകൾ നേരിട്ടും 32 സ്റ്റാളുകൾ സപ്ലൈകോയുമായി സഹകരിച്ചും നടത്തുന്നുണ്ട്. സഞ്ചരിക്കുന്ന വില്പനശാലകൾ നടത്തുന്നതിന് തയ്യാറാകുന്ന ഫ്രാഞ്ചൈസികൾക്ക് എല്ലാവിധ സഹായങ്ങളും നൽകുന്നതാണ്. ഹോർട്ടികോർപ്പ് സ്റ്റാളുകളിലേയ്ക്കാവശ്യമായ ഉല്പന്നങ്ങൾ കർഷകരിൽ നിന്നും നേരിട്ടും വി.എഫ്.പി.സി.കെ.,

കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്നും ലഭ്യമല്ലാത്തവ അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് സംഭരിക്കുന്നത്. വി.എഫ്.പി.സി.കെ.-യുടെ വില്പനശാലകളിലേയ്ക്കാവശ്യമായ ഉല്പന്നങ്ങൾ അവരുടെ സ്വാശ്രയ കർഷക വിപണികളിൽ നിന്നും സംഭരിക്കുന്നുണ്ട്. നെടുമങ്ങാട്ടും ആനയറയിലുമുള്ള മൊത്ത വ്യാപാര വിപണികളിൽ നിന്നും ശേഖരിക്കുന്ന പച്ചക്കറികൾ സഞ്ചരിക്കുന്ന വില്പനശാലകളിലൂടെ തിരുവനന്തപുരം നഗര പ്രദേശത്ത് ന്യായവിലയ്ക്ക് വില്പന നടത്തിവരുന്നു. വിപണിയോടനുബന്ധിച്ച് രൂപീകരിച്ചിട്ടുള്ള കർഷകഗ്രൂപ്പുകളിൽനിന്നും കാർഷികോല്പന്നങ്ങൾ നേരിട്ടും സ്വീകരിക്കുന്നുണ്ട്. ക്ലസ്റ്ററുകൾ രൂപീകരിച്ച് പച്ചക്കറി സംഭരണം നടത്തുന്ന കൃഷിഭവനുകൾക്ക് സഹായം നൽകുന്നതാണ്. കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷന്റെ കീഴിൽ 28-ഓളം ശീതീകരിച്ച പച്ചക്കറി സംഭരണശാലകൾ പ്രവർത്തിക്കുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മൂന്നാറിലെ വട്ടവട-കാന്തല്ലൂരിൽ 1200 ഏക്കർ സ്ഥലത്ത് പച്ചക്കറി കൃഷി നടത്തിവരികയാണെന്നും അന്യസംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവരുന്ന പഴവർഗ്ഗങ്ങളുടെയും പച്ചക്കറികളുടെയും ഗുണനിലവാരം പരിശോധിക്കുന്നുണ്ടെന്നും കേരളത്തിൽ ഉല്പാദിപ്പിക്കുന്ന ജൈവപച്ചക്കറികൾക്ക് 'സേഫ് ടു ഈറ്റ്' എന്ന ബ്രാൻഡ് നെയിം നൽകാൻ തീരുമാനിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

64 (*573)<u>പട്ടണങ്ങളിലേയ്ക്കുള്ള കുടിയേറ്റം</u>

ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി (ശ്രീ. കെ.സി. ജോസഫ്) നൽകിയ മറുപടിയിൽ, 2011-ലെ സെൻസസ് പ്രകാരം കേരളത്തിലെ നഗര ജനസംഖ്യ 47.72 ശതമാനമാ

ണെന്നും ഗ്രാമ–നഗര വ്യത്യാസം വളരെ പ്രകടമല്ലെന്നും സഭയെ അറിയിച്ചു. ഗ്രാമങ്ങളിൽനിന്നും പട്ടണങ്ങളിലേയ്ക്കുള്ള കുടിയേറ്റം കുറയ്ക്കുന്നതിന് ഉതകുന്ന ദീർഘകാല പദ്ധതികൾ ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ ഗ്രാമങ്ങളിൽ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങളുണ്ടാക്കേണ്ടതുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയുടെ മാർഗ്ഗ രേഖയിൽ ഗ്രാമങ്ങളിൽ പശ്ചാത്തല വികസന പദ്ധതികൾ നടപ്പാക്കുന്നതിന് മുൻഗണന നൽകിയിട്ടുണ്ട്. ചെറുകിട വ്യവസായ വാണിജ്യ കേന്ദ്രങ്ങൾ പഞ്ചായത്ത് തലത്തിൽ ആരംഭിക്കുന്നതിനുള്ള പദ്ധതി ധനകാര്യ വകുപ്പും കേരള ഫിനാൻഷ്യൽ കോർപ്പറേഷനും ചേർന്ന് നടപ്പാക്കുന്നതാണ്. പ്രധാന മന്ത്രി ഗ്രാമീണ സഡക് യോജന, എം.പി./എം.എൽ.എ. ഫണ്ട്, പി.ഡബ്ല്യു.ഡി. യുടെ വൺടൈം ഇംപ്രൂവ്മെന്റ് ഫണ്ട് ഇതെല്ലാം ഉപയോഗിച്ചുകൊണ്ട് മെച്ചപ്പെട്ട റോഡുകൾ ഗ്രാമപ്രദേശങ്ങളിൽ നിർമ്മിക്കുന്നതു സംബന്ധിച്ച് ആലോചിക്കുന്നതാണ്. നഗരങ്ങളിലേതിന് സമാനമായ രീതിയിൽ ഗ്രാമങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ 'പുര' പൈലറ്റ് അടിസ്ഥാനത്തിൽ തിരൂരങ്ങാടി, തളിക്കുളം എന്നിവിടങ്ങളിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുക യാണെന്നും അത് വ്യാപിപ്പിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിക്കുന്ന താണെന്നും മന്ത്രി അറിയിച്ചു. നഗരപ്രാന്ത പ്രദേശങ്ങളുടെ വികസന ത്തിനുവേണ്ടി സമഗ്രമായ പ്ലാൻ തയ്യാറാക്കുന്നതു സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുമായി ആലോചിക്കാവുന്നതാണെന്നും ഈ സാമ്പത്തിക വർഷംതന്നെ മലയോര വികസന ഏജൻസി പ്രവർത്തനം

ആരംഭിക്കുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി വ്യക്തമാക്കി.

65 (*574) <u>നാണ്യവിളകളുടെ വിലയിടിവ്</u>

കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സംസ്ഥാനത്തിന്റെ സമ്പദ്ഘടനയിൽ നിർണ്ണായക പങ്ക് വഹിക്കുന്ന നാണ്യവിളകളായ തെങ്ങ്, കുരുമുളക്, ഏലം, ഇഞ്ചി, റബ്ബർ, കാപ്പി, തേയില എന്നിവയ്ക്ക് വിലയിടിവുണ്ടായിട്ടുണ്ടെന്ന് സഭയെ അറിയിച്ചു. നാളികേരത്തിനുണ്ടായിരിക്കുന്ന വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന താങ്ങു വിലയനുസരിച്ച് നാഫെഡിന്റെ സ്റ്റേറ്റ് നോഡൽ ഏജൻസികളായ മാർക്കറ്റ് ഫെഡ്, കേരഫെഡ് എന്നിവ മുഖേന കൊപ്ര സംഭരണ പദ്ധതി നടപ്പാക്കിയ തിലൂടെ 30.06.2012 വരെ യഥാക്രമം 1661.49 ടൺ കൊപ്രയും 2400.85 ടൺ മില്ലിംഗ് കൊപ്രയും 1.95 ടൺ ഉണ്ട കൊപ്രയും സംഭരിക്കുകയും പച്ച തേങ്ങയുടെ സംഭരണം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കുരുമുളക്, അടയ്ക്ക, കൊക്കോ, വാനില, കാപ്പി, ഇഞ്ചി എന്നിവയുടെ വിലയിടിവിൽ നിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കമ്മോഡിറ്റി സേഫ്റ്റി നെറ്റ് പദ്ധതി നടപ്പാക്കി വരുന്നുണ്ടെന്നും 06.03.2010-ലെ ഉത്തരവ് പ്രകാരം 10 കോടി രൂപ കോർപ്പസ് ഫണ്ടായി കൃഷി ഡയറക്ടറുടെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ടിൽ നിക്ഷേപിക്കുകയും 21.01.2012-ലെ ഉത്തരവ് പ്രകാരം ഏലത്തെയും പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി 1 കോടി രൂപ വിലസ്ഥിരത ഫണ്ടിനായി നീക്കി വയ്ക്കുകയും ചെയ്തിട്ടുണ്ട്. എപിസി

ചെയർമാനായ ഹൈപവർ കമ്മിറ്റിയുടെ ശുപാർശ അനുസരിച്ച് 2012–ൽ ഇഞ്ചി കൃഷിക്കുണ്ടായ വിലയിടിവിന് പരിഹാരമായി ഹെക്ടറിന് 25,000 രൂപ നിരക്കിൽ ധനസഹായം വിതരണം ചെയ്യുന്നതിന് 28.04.2012–ൽ ഉത്തരവാകുകയും അതുപ്രകാരം കൊല്ലം, പത്തനംതിട്ട, ഇടുക്കി, മലപ്പുറം, പാലക്കാട്, കോഴിക്കോട്, വയനാട് ജില്ലകളിലെ ഇഞ്ചി കർഷകരിൽ നിന്നും അപേക്ഷ സ്വീകരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. നാണ്യവിളകളുടെ വിലയിടിവിന് സ്വതന്ത്ര വ്യാപാര കരാറുകൾ കാരണമായിട്ടില്ലെന്നും തീരുവ കുറച്ച് മറ്റു രാജ്യങ്ങളിൽ നിന്നും നാണ്യവിളകൾ ഇറക്കുമതി ചെയ്യുന്നത് ഇവയുടെ വിലവിടിവിന് കാരണമാകാറുണ്ടെന്നും പാമോയിലുൾപ്പെടെയുള്ള ഭക്ഷ്യ എണ്ണകളുടെ ഇറക്കുമതിയും സമീപ സംസ്ഥാനങ്ങളിൽ നിന്നും വെളിച്ചെണ്ണ കേരളത്തിൽ എത്തിച്ചേരുന്നതും കേരളത്തിലെ വെളിച്ചെണ്ണ വില കുറയുന്നതിന് കാരണമായിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ആഭ്യന്തര വിപണിയിൽ ലഭ്യതക്കൂടുതലാവുകയും മൊത്തം ആവശ്യം കുറയുകയും ചെയ്തതാണ് റബ്ബറിന്റെ വില കുറയാൻ കാരണമായത്. സഹകരണസംഘങ്ങൾക്ക് ഡ്രയറുണ്ടാക്കുന്നതിന് 50% സബ്സിഡി നൽകുന്നുണ്ടെന്നും പച്ചത്തേങ്ങ സംഭരണം ഊർജ്ജിതമാക്കുന്നതാണെന്നും കുത്തകകൾ നാണ്യവിളകളുടെ വില നിശ്ചയിക്കുന്നതുമൂലം കർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഹരിക്കാൻ കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ് മുഖേന നാളികേര വികസന പദ്ധതികൾ നടപ്പാക്കുന്നതാണെന്നും തെങ്ങുകൃഷി വ്യാപിപ്പിക്കുന്നതാണെന്നും യുവതീയുവാക്കൾക്ക് തെങ്ങുകയറ്റത്തിന് പരിശീലനം നൽകി

തെങ്ങുകയറ്റ യന്ത്രം നൽകുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

(നക്ഷത്രചിഹ്നമിട്ട ബാക്കി 575 മുതൽ 600 വരെയുള്ള ചോദ്യങ്ങൾക്കും നക്ഷത്രചിഹ്നമിടാത്ത 5967 മുതൽ 6270 വരെയുള്ള ചോദ്യങ്ങളിൽ 80 എണ്ണത്തിനും ബന്ധപ്പെട്ട മന്ത്രിമാർ രേഖാമൂലം ഉത്തരം നൽകി.)